# മതംമാറ്റത്തെ പ്രണയപ്പുതപ്പണിയിക്കുന്നവർ

**പ്രണയ മതംമാറ്റവുമായി ബന്ധപ്പെട്ട അന്വേഷണത്തിലൂടെ ഭർത്താവിന്റെ ജോലി കളഞ്ഞു വെന്ന് മാത്രമല്ല; മതം മാറിയതിന് ശേഷം മാത്രം കണ്ട ഭർത്താവിനെയും ഉൾപെടുത്തി ലൗമാര്യേജ് എന്ന് റിപ്പോർട്ട് കൊടുക്കുകയും ചെയ്തു നിയമപാലകർ.**

**ശ്രുതി പി.ആർ**

സാധാരണ നായർ കുടുംബത്തിലായിരുന്നു ജനനം. അച്ഛൻ കേന്ദ്രഗവൺമെന്റുദ്യോഗസ്ഥൻ, മാതാവ് വീട്ടമ്മ. അച്ഛനും അമ്മയും അനിയത്തിയും അടങ്ങുന്നതാണ് കുടുംബം. അച്ഛൻ ഇടതുപക്ഷചിന്താഗതിക്കാരനാണ്; അതിനാൽ തന്നെ അമ്പലങ്ങളൊന്നും സന്ദർശിക്കാത്ത ആളുമാണ്. അമ്മ പക്ഷേ തികഞ്ഞ ഈശ്വരഭക്തയാണ്. അമ്പലങ്ങളിലൊക്കെ സ്ഥിരമായി പോകും. പ്രാർഥിക്കാനുള്ളത് വീട്ടിലിരുന്ന് മതി എന്നും അതിനായി അമ്പലങ്ങൾ സന്ദർശിക്കേണ്ട ആവശ്യമില്ലെന്നുമായിരുന്നു അച്ഛന്റെ വാദം. ആ വാദത്തോട് ചായ്‌വുള്ള ആളായിരുന്നു അന്നൊക്കെ ഞാനും. അമ്മകുടംബത്തിലെ ആദ്യ പേരക്കുട്ടിയാണ് ഞാൻ. അതിനാൽ ലാളനയും സ്നേഹവാത്സല്യങ്ങളും മതിയാവോളം ലഭിച്ചവളുമായിരുന്നു. എന്നാൽ പതിനൊന്നു പേരക്കുട്ടികളുള്ള അച്ഛന്റെ കുടംബത്തിലെ ഏഴാമത്തവളായിരുന്നു ഞാൻ. എങ്കിലും അവിടെയും സ്നേഹത്തിന് കുറവൊന്നുമുണ്ടായിരുന്നില്ല. ചുരുക്കത്തിൽ ഏത് നിലക്കും സ്നേഹവും സമാധാനവും നിറഞ്ഞ സംതൃപ്ത കുടുംബാന്തരീക്ഷമായിരുന്നു എന്റെ ബാല്യം.

വിദ്യഭ്യാസം തുടങ്ങുന്നത് മൂന്നാം വയസ്സിലാണ്. അച്ഛന്റെ നാട്ടിലുള്ള സാധാരണ വിദ്യാലയത്തിലാണ് തുടക്കം. ഗുണമേന്മയുള്ള വിദ്യഭ്യാസം ലഭിക്കുന്നതിനായി പിന്നീട് എന്നെ തിരുവനന്തപുരത്തെ അതിപ്രശസ്തമായ ഒരു കോൺവെന്റിൽ ചേർത്തു. അവിടെ ഏഴാം തരത്തിൽ വെച്ച് എന്നെ Small fellow എന്ന് ഓമനപ്പേരിട്ടുവിളിച്ച ഒരു ടീച്ചറുണ്ടായിരുന്നു. അവരാണ് ക്രിസ്ത്യാനിറ്റി എനിക്ക് പരിചയപ്പെടുത്തിയത്. ദൈവത്തെകുറിച്ചും ദൈവത്തിന്റെ ആദ്യ സൃഷ്ടി

പ്പുകളെ കുറിച്ചും പ്രവാചകന്മാരായ ആദം, നൂഹ് ﷺ എന്നിവരെ കുറിച്ചുമൊക്കെയു ള്ള കഥകൾ വളരെ ഹൃദ്യമായി അവർ വിവരിക്കുമായിരുന്നു. അത് ക്രിസ്ത്യാനി റ്റിയിലുള്ള എന്റെ ആഭിമുഖ്യത്തിന് ഹേതു വായി. അങ്ങനെ ഞാൻ സ്കൂളിനോട് ചേർന്നുള്ള പള്ളിയിൽ പോവുകയും ബൈബിൾ വചനങ്ങൾ വായിക്കാനാരംഭി ക്കുകയും ചെയ്തു. എട്ടാം ക്ലാസിൽ എനിക്ക് ഒരു ക്രിസ്ത്യൻ സഹപാഠിയെ ആത്മമിത്രമായി കിട്ടി. അവളോട് ബൈ ബിൾ പഠിക്കാനുള്ള ആഗ്രഹം പറയു കയും 'കാറ്റിസം ക്ലാസി'ന് ചേരുവാനുള്ള അനുവാദം ലഭിക്കുവാനായി ഹെഡ്മിസ്ട്ര സിനെ ചെന്നു കാണുകയും ചെയ്തു. വിരോധമില്ലെന്നും പക്ഷേ പാരന്റ്സിന്റെ പെർമിഷൻ വാങ്ങിവരണമെന്നുമായിരു ന്നു മറുപടി. എന്റെ മതത്തേക്കാൾ ഞാൻ ക്രിസ്ത്യാനിറ്റിയെ സ്നേഹിക്കുകയും അതിലെ വചനങ്ങൾ ശ്രദ്ധിക്കുകയും ചെയ്തു. ചിലപ്പോഴൊക്കെ രഹസ്യമായി എന്റെ റൂമിൽ മെഴുകുതിരി കത്തിച്ചു മുട്ടു കുത്തി അതിനു മുമ്പിൽ പ്രാർഥിക്കുകയും ചെയ്തു. മറിയയെ ആരാധിക്കാനായി സ്കൂളിൽ സ്ഥാപിച്ചിരുന്ന പ്രതിമയെകു റിച്ച് രണ്ട് കുട്ടികൾ തമ്മിലുള്ള വാഗ്വാദം എന്നെ ചിന്തിപ്പിച്ചു. ഒരാൾ യേശു ദൈവ മാണെന്ന് വാദിച്ചപ്പോൾ യേശുവിന്റെ മാതാവായതിനാൽ മറിയമിനല്ലേ പ്രാധാ ന്യം കൂടുതൽ അതല്ലെങ്കിൽ തുല്യപരിഗ ണനയെങ്കിലും നൽകിക്കൂടെയെന്നായി മറ്റേകുട്ടി. ഇതുകേട്ടപ്പോൾ ഇരുവരേയും സൃഷ്ടിച്ച ഒരാളെ ആരാധിക്കുന്നതല്ലേ നല്ലത് എന്നും അങ്ങിനെയെങ്കിൽ ദൈവ മേ എന്ന് വിളിച്ച് പ്രാർഥിക്കുന്നതല്ലേ ശരി എന്നും എനിക്ക് തോന്നി.

പത്താം ക്ലാസിലെ സെന്റ്ഓഫിന് ഞങ്ങളെല്ലാവരെയും പ്രസിദ്ധമായൊരു ക്രിസ്ത്യൻ ചർച്ചിൽ കൊണ്ടുപോകു കയും അവിടെ പ്രാർഥിക്കാൻ അനുവദി ക്കുകയും ചെയ്തു. അത് എന്നെ ഒട്ടൊ ന്നുമല്ല ആഹ്ലാദിപ്പിച്ചത്. അന്ന് കുറച്ച് മുസ്‌ലിം കുട്ടികൾ പള്ളിയിൽ കയറാതെ മാറിനിന്നത് ഞാൻ പ്രത്യേകം 'നോട്ട്' ചെയ്തിരുന്നു. അതെകുറിച്ച് ഞാൻ ഏറെ ചിന്തിക്കുകയും അത് വളരെ മോശമായി പ്പോയി എന്ന് മനസ്സിൽ നിരൂപിക്കുകയും ചെയ്തു. ഇതൊക്കെയെങ്കിലും വീട്ടിൽ ഞാൻ ഹിന്ദുവിശ്വാസാചാരങ്ങൾ മുടങ്ങാ തെ ചെയ്യുകയും ചെയ്തിരുന്നു. അതിൽ ഒരു തെറ്റും തോന്നുകയുമുണ്ടായില്ല.

പത്താം ക്ലാസിനു ശേഷം ഹിന്ദു മാ നേജ്മെന്റിനു കീഴിലുള്ള പാഠശാലയിലാ ണ് തുടർപഠനം നടത്തിയത്. അവിടെ സ്കൂൾവകയായി ഒരു ക്ഷേത്രമുണ്ടായിരു ന്നു. ആ ക്ഷേത്രത്തിൽ പോയി തൊഴുക യും അതിനോടൊപ്പം തന്നെ ക്രിസ്ത്യൻപ ള്ളിയിൽ പോക്ക് തുടരുകയും ചെയ്തു. പള്ളിയിൽ പോകാനായിരുന്നു കൂടുതൽ താൽപര്യം.

പട്ടിണിപ്പാവങ്ങളെ കുറിച്ചും, ആഗ്രഹ മുണ്ടായിട്ടും പഠിക്കാൻ അവസരം കിട്ടാ ത്ത തെരുവുകുട്ടികളെ കുറിച്ചും, മാരക രോഗങ്ങളും ദുരിതങ്ങളും ബാധിച്ച് കഴി യുന്ന ആൾക്കാരെ കുറിച്ചുമൊക്കെ ഒരു പാടൊരുപാട് ചിന്തിക്കുകയും വേവലാതി പ്പെടുകയും ചെയ്യുന്ന കൂട്ടത്തിലായിരുന്നു ഞാൻ. അത്തരക്കാരിലൊന്നും ഉൾപ്പെടു ത്താത്തതിൽ ദൈവത്തോട് നന്ദി പറയു കയും ചെയ്തിരുന്നു. അതോടൊപ്പം ത ന്നെ ദൈവമുണ്ടോ? ഉണ്ടെങ്കിൽ എത്ര ക്രൂ രൻ! എന്നൊക്കെയുള്ള ചിന്തയും എന്നി ൽ മനഃസംഘർഷം ഉണ്ടാക്കിയിരുന്നു.

പനപോലെ വളരുന്ന പാപികളായ പണക്കാരെയും അവരുടെ സൗകര്യങ്ങ ളും ആഢംബരങ്ങളും തോന്ന്യാസങ്ങളു മൊക്കെ കാണുമ്പോൾ ദൈവമില്ല എന്ന് ചിന്തിക്കാനത് പ്രേരിപ്പിച്ചു. അതിനു Scienceഉം Evolutionമെല്ലാം തുണച്ചു. യേശുവിനെ പോലുള്ള മഹാത്മാക്കളെ ആളുകൾ പിന്നീട് ദൈവമാക്കിത്തീർത്ത താകാമെന്നും, സ്വന്തം കഴിവിലുള്ള വിശ്വാ സക്കേടാണ് ദൈവമുണ്ടെന്ന വിശ്വാസ ത്തിന്റെ പിന്നിലെ രഹസ്യമെന്നും പല പ്പോഴും എനിക്ക് തോന്നാറുണ്ട്. ഒരു പഴയ സിനിമാഗാനം എന്റെ മനസ്സിനെ അന്നൊ ക്കെ വല്ലാതെ സ്വാധീനിച്ചിരുന്നു.

"മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു
മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു
മനുഷ്യനും മതങ്ങളും ദൈവങ്ങളും ചേർന്നു
മണ്ണു പങ്കുവെച്ചു മനസ്സു പങ്കുവെച്ചു..."

12ാം ക്ലാസ്സു കഴിഞ്ഞതോടെ എഞ്ചി നീയറിംഗ് പഠനത്തിനായി തിരുവന്തപു രത്തു തന്നെയുള്ള ഒരു കോളജിൽ ചേർന്നു. സമൂഹത്തിൽ നിലനിൽക്കുന്ന അനാചാരങ്ങളും അന്ധവിശ്വാസങ്ങളും സ്ത്രീധനം, കൊല, സ്ത്രീകൾക്കു നേരെ യുള്ള ആക്രമണം, പണക്കാരുടെ അനീ തി, വിദ്യഭ്യാസസമ്പ്രദായത്തിന്റെ പോരാ യ്മകൾ തുടങ്ങി സകലമാന വിഷയ ങ്ങളും ഞങ്ങൾ കൂട്ടുകാർ ചർച്ചാവിഷയ മാക്കും. ചർച്ചകളുടെയൊക്കെ നേതൃസ്ഥാ നത്ത് ഞാനുണ്ടാവും; തികഞ്ഞൊരു സ്ത്രീപക്ഷവാദി; ഫെമിനിസ്റ്റ്. എല്ലാറ്റി നെയും എതിർത്ത് തോൽപിക്കാനുള്ള അഭിവാഞ്ഛ! അതായിരുന്നു എന്റെ കോ ളജ് കാലഘട്ടത്തിലെ സവിശേഷത.

മൂന്നാം സെമസ്റ്റർ ആയപ്പോഴേക്കും ഞാൻ തികഞ്ഞ നിരീശ്വരവാദിയായി എന്നു തന്നെ പറയാം. ക്ഷേത്ര ദർശന മൊക്കെ തീർത്തും നിർത്തി. ദൈവമില്ല എന്ന് ക്ലാസ്സിൽ വീറോടെ വാദിച്ചു. അമ്മ യോട് ദൈവമില്ല എന്ന് പറയുമ്പോൾ "ജീവിതത്തിൽ സുഖം മാത്രം അനുഭവി ക്കാനിടയായതു കൊണ്ടുള്ള തോന്നലാ ണ് മോളെ നിനക്കിതൊക്കെ എന്ന്" പരി ഹാസസ്വരത്തിൽ പറയും. ജീവിതത്തിൽ സങ്കടം വന്നാൽ ഇല്ലാത്ത കാര്യം ഉണ്ടെ ന്ന് തോന്നുമോ എന്ന തർക്കുത്തരമായി രിക്കും എന്നിൽ നിന്നുയരുക.

നിരീശ്വരവാദം കത്തിനിൽക്കുന്ന കാ ലം. കൂട്ടുകാരുടെ സംസാരത്തിനിടയിൽ ഞാൻ ചെന്ന് പെട്ടു. ക്രിസ്ത്യാനിറ്റിയായി രുന്നു വിഷയം എന്നാണോർമ്മ. ഒരു മുസ്‌ലിംകുട്ടിയും ഹിന്ദുകുട്ടിയും അട ങ്ങുന്ന സംഘത്തിന്റെ സംസാരത്തിനിട യിൽ വേദത്തിൽ നിന്നുള്ള ഏതാനും ശ്ലോ കങ്ങൾ മുസ്‌ലിംകുട്ടി ചൊല്ലി "ന തസ്യ പ്രതിമാ ആസ്തീ"-ദൈവത്തിന് പ്രതിമ കൾ ഇല്ലത്രേ.

**അമ്മയോട് ദൈവമില്ല എന്ന് പറയുമ്പോൾ "ജീവിതത്തിൽ സുഖം മാത്രം അനുഭവിക്കാനിടയായതു കൊണ്ടുള്ള തോന്ന ലാണ് മോളെ നിനക്കിതൊക്കെ എന്ന്" പരിഹാസസ്വരത്തിൽ പറയും. ജീവിതത്തിൽ സങ്കടം വന്നാൽ ഇല്ലാത്ത കാര്യം ഉണ്ടെന്ന് തോന്നുമോ എന്ന തർക്കുത്തരമായിരിക്കും എന്നിൽ നിന്നുയരുക.**

"അന്ധം തമഃ പ്രവിശന്തിയേ സം ഭൂതി മുപാസതേ
തയോ ഭൂയ ഇവ തേ തമോ യ ഉ സംഭൂത്യാം രതാഃ"

ദൈവത്തിനെ മറ്റു മനുഷ്യനിർമിത വസ്തുക്കളുമായി ഉപാസിച്ചാൽ അവർ അന്ധകാരത്തിൽ പതിക്കും. തുടങ്ങി ഹിന്ദുവേദഗ്രന്ഥങ്ങൾ ഉദ്ധരിച്ച് ആ മുസ്‌ലിം കുട്ടി വീറോടെ വാദിച്ചു. ഞങ്ങളുടെ വേദഗ്രന്ഥത്തിലുള്ളതോ ഇതൊക്കെ? എനിക്ക് വിശ്വസിക്കാനായില്ല.

ഹിന്ദുക്കൾ പ്രതിമകൾ കൊണ്ടുനടക്കുന്നതിനും പൂജിക്കുന്നതിനുമൊന്നും ഒരടിസ്ഥാനവുമില്ലെന്നു മനസ്സിലാക്കിയത് ആ മുസ്‌ലിംകുട്ടിയിൽ നിന്നാണ്. ഞാനും ആ കുട്ടിയും ദൈവമെന്ന വിഷയത്തെക്കുറിച്ച് സംസാരിക്കാൻ ഇത് ഇടയാക്കി. ദൈവമില്ലായെന്ന് ഞാൻ പറഞ്ഞപ്പോൾ ആ കുട്ടി ഒരു കഥ ഉദാഹരിച്ചു. ഒരു നിരീശ്വരവാദിയും ഒരു ഈശ്വരവാദിയും സംവാദത്തിന് സമയം നിശ്ചയിച്ചു. നിരീശ്വരവാദി നേരത്തെ തന്നെ വേദിയിലെത്തി കാത്തിരുന്നു. വിശ്വാസി ഏറെ വൈകിയാണ് എത്തിയത്. കാരണം അന്വേഷിച്ചപ്പോൾ അയാൾ വരുന്ന വഴിയിൽ ഒരു നദിയുണ്ടെന്നും അവിടെ കടവുതോണിയുണ്ടായിരുന്നില്ലെന്നും ദൈവത്തോട് പ്രാർഥിച്ചപ്പോൾ തടിക്കഷ്ണം ഒഴുകിവന്നു. അവയെല്ലാം ചേർന്ന് താനെ ഒരു ചങ്ങാടം ഉണ്ടായി എന്നും അതിൽ കയറി കടത്തുകാരനൊന്നുമില്ലാതെ തന്നെ ചങ്ങാടം കരയിലെത്തിച്ചെന്നും പറഞ്ഞു. ഇത് കേട്ടതോടെ, എന്തൊരു കെട്ടുകഥ! ഭൂമിലോകത്ത് ഇങ്ങനെയൊരു സംഭവം ഒരിക്കലും നടക്കാൻ സാധ്യതയില്ലായെന്ന് നിരീശ്വരവാദി പരിഹസിച്ചു. അപ്പോൾ ഈശ്വരവിശ്വാസി പറഞ്ഞുവത്രെ 'ഒരു ചങ്ങാടം പോലും തനിയെ ഉണ്ടാകില്ല എന്ന വിശ്വാസമുള്ള നീയാണൊ ഈ പ്രപഞ്ചവും അതിലെ ജീവജാലങ്ങളും ഒരു നാഥനുമില്ലാതെ തനിയേ ഉണ്ടായതാണ് എന്നു വിശ്വസിക്കുന്നത്?

ആ കഥ എന്നെ വല്ലാതെ സ്വാധീനിച്ചു Zoology എന്റെ ഇഷ്ടവിഷയമായിരുന്നു. അതിൽ മനുഷ്യശരീരത്തിന്റെ Complexity സങ്കീർണത എനിക്കു അത്ഭുതമായിരുന്നു. എങ്കിലും അത് Evolutionലൂടെ പരിണമിച്ചതാണ് എന്ന വാദമാണ് ഞാൻ പിന്തുണച്ചിരുന്നത്. ഈ കഥ എന്റെ എല്ലാ സങ്കൽപങ്ങളെയും വിശ്വാസങ്ങളെയും തകർത്തുകളഞ്ഞു. ഒരു പേപ്പർ പോലും തനിയെ ഉണ്ടാകില്ല എന്ന് വിശ്വസിക്കുന്ന ഞാൻ ഈ പ്രപഞ്ചവും സൂര്യനക്ഷത്രാദികളുമൊക്കെ തനിയെ ഉണ്ടായതാണെന്ന് എങ്ങിനെ വിശ്വസിക്കും!

പിന്നീട് ആ കുട്ടി തന്നെ മരണത്തിനു ശേഷമൊരു ജീവിതമുണ്ടെന്നും തന്റെ വേദഗ്രന്ഥമായ ഖുർആനിൽ ഇതേ കുറിച്ചും പ്രപഞ്ചസൃഷ്ടിപ്പ് തുടങ്ങി എല്ലാ കാര്യങ്ങളെക്കുറിച്ചും കൃത്യമായി പറഞ്ഞുതന്നിട്ടുണ്ടെന്നും ശാസ്ത്രീയമായി അവ തെളിയിക്കപ്പെട്ടിട്ടുണ്ടെന്നുമൊക്കെ പറഞ്ഞുതന്നു. 1400 വർഷം മുമ്പ് പുറത്തിറങ്ങിയ ആ പുസ്തകത്തിൽ ഭൂമിയെക്കുറിച്ചും സൂര്യനക്ഷത്രാദി ഗ്രഹങ്ങളെ കുറിച്ചും മനുഷ്യശരീരം വെള്ളം കൊണ്ട് സൃഷ്ടിച്ചതാണെന്നും, മഴയുണ്ടാകുന്നതെങ്ങിനെയെന്നുമൊക്കെ കൃത്യമായി പറഞ്ഞിട്ടുണ്ടെന്നും അറിയിച്ചു. എങ്കിൽ അതൊന്നു കാണണമെന്നും പഠിക്കണമെന്നുമൊക്കെ ഉള്ള ആഗ്രഹം എന്നിൽ നാമ്പെടുത്തു. പിന്നെ എന്റെ ചർച്ചാവിഷയം ഇസ്‌ലാമായി. ഞാനും ആ കുട്ടിയുമായി നിരന്തരം സംവദിച്ചു തുടങ്ങി. പർദ്ദ അനിവാര്യമോ? ബഹുഭാര്യത്വം നീതിയോ? അഞ്ച് നേരം നമസ്കരിക്കുന്നതെന്തിന്? തുടങ്ങി എന്റെ സംശയങ്ങൾക്കോരോന്നിനും ഒരുവിധം തൃപ്തികരമായ ഉത്തരം എനിക്ക് ലഭിച്ചു. ഒടുവിൽ ഖുർആൻ ഒന്നു വായിച്ചു നോക്കാൻ അവസരമുണ്ടാക്കിത്തരാൻ ഞാൻ ആവശ്യപ്പെട്ടു. ഖുർആനിലെ ഓരോ വിഷയങ്ങളെ കുറിച്ചും എങ്ങനെ ഇൻഡക്സ് നോക്കി വായിക്കാം എന്നും എനിക്ക് പറഞ്ഞുതന്നു. വീട്ടിലെത്തിയ ഉടനെ 'സ്ത്രീയെ' കുറിച്ച് ഖുർആനിൽ എന്ത് പറയുന്നു എന്നതായിരുന്നു ഞാൻ വായിക്കാൻ ആരംഭിച്ചത്. മുമ്പ് വിചാരിച്ചത്പോലെ അടിച്ചമർത്തപ്പെട്ടവളായല്ല അതിൽ നിന്നു ഞാൻ മനസ്സിലാക്കിയത് മറിച്ച് സ്ത്രീയെ പലനിലക്കും ബഹുമാനിക്കുന്നതായും, പല ബുദ്ധിമുട്ടുകളിൽ നിന്ന് അവളെ മോചിപ്പിക്കുന്നതായും എനിക്ക് വ്യക്തമായി. വീണ്ടും പല വിഷയങ്ങളും സെലക്ട് ചെയ്ത് വായന തുടർന്നു. സംശയമുള്ളത് ചോദിച്ചു മനസ്സിലാക്കി. ഒടുവിൽ ഖുർആൻ തുടക്കം മുതൽ തന്നെ മനസ്സിരുത്തി പഠിക്കാൻ ഞാനാരംഭിച്ചു.

ഇസ്‌ലാമിനെ കുറിച്ച് കേൾക്കുമ്പോൾ ഞാൻ കാതുകൾ കൂർപ്പിച്ച് തുടങ്ങി.

**ഇന്റർനെറ്റിലും മറ്റും ഇസ്‌ലാമിനെകുറിച്ച് സേർച്ച് ചെയ്യാൻ ആരംഭിക്കുകയും ഓർക്കൂട്ടിൽ ഒരു മുസ്‌ലിമിന്റെ പേരിൽ അക്കൗണ്ട് തുടങ്ങുകയും ചെയ്തു. ഓർക്കൂട്ടിലെ മുസ്‌ലിം കമ്യൂണിറ്റികളിൽ അംഗമായി ചർച്ചയിൽ പങ്കെടുത്ത് പരമാവധി മുസ്‌ലിം കുട്ടികളുമായി കൂട്ടുകൂടുവാനും അവരുടെ കാഴ്ച്ചപ്പാട് അറിയുവാനും നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു.**

മുസ്‌ലിംകുട്ടികളെയും, തട്ടം ധരിച്ചവരെയും ശ്രദ്ധിക്കാൻ ആരംഭിച്ചു. എന്റെ ഷാൾ ഉപയോഗിച്ച് തട്ടം കെട്ടി നോക്കി അഭിമാനം കൊള്ളുമായിരുന്നു അക്കാലത്ത്. ഇന്റർനെറ്റിലും മറ്റും ഇസ്‌ലാമിനെ കുറിച്ച് സേർച്ച് ചെയ്യാൻ ആരംഭിക്കുകയും ഓർക്കൂട്ടിൽ ഒരു മുസ്‌ലിമിന്റെ പേരിൽ അക്കൗണ്ട് തുടങ്ങുകയും ചെയ്തു. ഓർക്കൂട്ടിലെ മുസ്‌ലിം കമ്മ്യൂണിറ്റികളിൽ അംഗമായി ചർച്ചയിൽ പങ്കെടുത്ത് പരമാവധി മുസ്‌ലിം കുട്ടികളുമായി കൂട്ടുകൂടുവാനും അവരുടെ കാഴ്ച്ചപ്പാട് അറിയുവാനും നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു. മുസ്‌ലിംകുട്ടികളുടെ അടുത്തുചെന്ന് ഇസ്‌ലാമിനെയും പരലോകത്തെയും കുറിച്ച് സംസാരിച്ചു. എന്റെ മനസ്സിലെ ആഗ്രഹം മനസ്സിലാക്കാതെ അവർ ഇസ്‌ലാമിനെ കുറിച്ച് വളരെ സാധാരണയായി സംസാരിച്ചു. അവർ നരകത്തെക്കുറിച്ചു പറയുമ്പോൾ എന്റെ മനസ്സിലെ ഭീതിയും കാളലും ആരും തിരിച്ചറിഞ്ഞില്ല.

നമസ്കരിക്കണമെന്നു അതിയായ ആഗ്രഹമുണ്ടായിരുന്നെങ്കിലും അത് ഒളിപ്പിക്കുകയല്ലാതെ മറ്റ് മാർഗമുണ്ടായിരുന്നില്ല. തട്ടമിടാത്തതും നമസ്കരിക്കാത്തതുമായ മുസ്‌ലിംകുട്ടികളെ കണ്ടപ്പോൾ സങ്കടം തോന്നി. അവരോട് എന്തേ അങ്ങിനെ? എന്ന് ചോദിക്കാനും, കിട്ടിയ ഭാഗ്യം തള്ളിക്കളയരുതേ എന്നു പറയാനും പലപ്പോഴും തോന്നിയെങ്കിലും മനസ് അതിന് അനുവദിച്ചില്ല. ഷാൾ തട്ടമായി ഉപയോഗിക്കാ

നും പൊട്ടും ഒരുക്കവും കഴിവതും ഉപേക്ഷിക്കാനും വസ്ത്രധാരണത്തിൽ ശ്രദ്ധിച്ചിക്കാനും ശ്രമിച്ചിരുന്നു അക്കാലത്ത്.

ഇതിനിടെ റമസാൻ വന്നു. നോമ്പെടുക്കാൻ അതിയായ ആഗ്രഹമുണ്ടായിരുന്നു. പക്ഷേ രാവിലെ അമ്മ ഉണ്ടാക്കിത്തരുന്ന ഭക്ഷണം ഒഴിവാക്കാൻ കഴിഞ്ഞിരുന്നില്ല. ഇതിൽ നിന്നും രക്ഷപ്പെട്ട ദിവസങ്ങളിൽ ഞാൻ നോമ്പെടുത്തു. നോമ്പു കഴിഞ്ഞാണ് കോളജ് ടൂർ എത്തിയത്. പക്ഷേ പഴയപോലെ അതിൽ പങ്കെടുക്കാൻ ഒട്ടും താല്പര്യം തോന്നിയില്ല. ടൂറിന് ഞാനില്ലെന്ന് പറഞ്ഞത് ക്ലാസിൽ ഏറെ പ്രശ്നങ്ങൾ സൃഷ്ടിച്ചു. ഇത്തരം എല്ലാ ആഘോഷങ്ങളിലും മുൻനിരയിലുണ്ടായിരുന്ന ഞാൻ വരുന്നില്ലെന്ന് പറഞ്ഞത് കൂട്ടുകാർക്ക് ഉൾക്കൊള്ളാനേ ആയില്ല. ഒടുവിൽ അവരുടെ നിർബന്ധത്തിനും സമ്മർദ്ദത്തിനും വഴങ്ങി വരാമെന്നു സമ്മതിച്ചു. പക്ഷേ മാനസികമായി ഒട്ടും താൽപര്യം തോന്നിയില്ല. ടൂറിൽ പഴയപോലെ ഞാൻ സന്തോഷവതിയായിരുന്നില്ല. ഡാൻസിൽ നിന്നും, പാട്ടിൽ നിന്നുമൊക്കെ കഴിവതും വിട്ടുനിന്നു. ടൂർ കഴിഞ്ഞു കോഴിക്കോട് ഒരു ഹോട്ടലിൽ ഡിന്നർ പ്ലാൻ ചെയ്തു. എല്ലാവരും Non-Veg കഴിക്കാം എന്നു തീരുമാനിക്കുകയും ചെയ്തു. അപ്പോൾ ഞാൻ ഒരു മുസ്‌ലിം സുഹൃത്തിനോട് ഇവിടെ ഹലാൽ ഇറച്ചി ആയിരിക്കുമോ? എന്ന ആശങ്ക പ്രകടമാക്കുകയും ഹലാൽ ആണ് എന്നു അന്വേഷിച്ച് ഉറപ്പു വരുത്തുകയും ചെയ്തത് അവരിൽ അത്ഭുതമുണർത്തി.

ടൂർ കഴിഞ്ഞു വന്ന നാളിൽ ക്ലാസ്സിലെ തന്നെ ഒരു മുസ്‌ലിംകുട്ടിയുടെ വിവാഹ ചടങ്ങിൽ ഞാനും സഹപാഠികൾക്കൊപ്പം പങ്കെടുത്തു. വളരെ വൃത്തിയായും ഇസ്ലാമികമായും വേഷംധരിച്ചിരുന്ന ആ പെൺകുട്ടി പക്ഷേ അന്നു വസ്ത്രധാരണത്തിൽ ഒട്ടും സൂക്ഷ്മത പാലിക്കാത്തത് എന്നെ ഏറെ വിഷമിപ്പിച്ചു. ഇക്കാര്യം മറ്റു മുസ്‌ലിംകുട്ടികളോട് പറയുകയും ചെയ്തു. എനിക്ക് ഇസ്‌ലാമിനെ കുറിച്ച് പറഞ്ഞുതന്ന കുട്ടി ആ വിവാഹത്തിൽ പങ്കെടുത്തിരുന്നില്ല. പിറ്റേദിവസം വളരെ സങ്കടത്തോടെ ആ കാര്യം ഞാൻ അവളോട് സൂചിപ്പിച്ചു; കൂടെ ഇസ്‌ലാമിനോടുള്ള എന്റെ താൽപര്യവും. അത്രനാൾ പുറത്താരോടും പറയാതെ മനസ്സിൽ സൂക്ഷിച്ചിരുന്ന കാര്യം പുറത്തേക്ക് തികട്ടി വന്നു എന്നു പറയുന്നതാവും നേര്.

ഒടുവിൽ ആ സഹോദരി എന്നോട് തട്ടമിടാനാഗ്രഹമുണ്ടോയെന്ന് ചോദിച്ചു. നീ ഏകനായ ദൈവത്തെമാത്രം ആരാധിക്കുവാൻ ആഗ്രഹിക്കുന്നുവോ എന്നായിരുന്നു ആ ചോദ്യത്തിന്റെ പൊരുൾ. ഉണ്ടെന്നു ഉടൻ തന്നെ ഞാൻ മറുപടി പറഞ്ഞു. തൊട്ടടുത്ത ദിവസം തന്നെ ആ കുട്ടി പറഞ്ഞുതന്ന പ്രകാരം അല്ലാഹു മാത്രമാണ് ആരാധ്യൻ എന്നും മുഹമ്മദ് നബിﷺ അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിച്ചു.

വീട്ടുകാരെ കുറിച്ച് ആലോചിച്ചപ്പോൾ എനിക്ക് സങ്കടം അടക്കാനായില്ല. അവരെ ഞാൻ വഞ്ചിക്കുകയാണോ? എന്നൊക്കെ എന്നെ അലട്ടാൻ തുടങ്ങി. സത്യം ഇസ്‌ലാമാണെന്ന് മനസ്സു പറഞ്ഞു; അത് സ്വീകരിച്ചു എന്ന തെറ്റേ ഞാൻ ചെയ്തിട്ടുള്ളു. നരകത്തിന്റെ ഭീകരത! അതോർക്കുമ്പോൾ അമ്മയുടെയും അച്ഛന്റെയും മുഖം തെളിഞ്ഞുവന്നു. എനിക്ക് അവരെയും കൂടി എങ്ങിനെയെങ്കിലുമൊന്നു രക്ഷിക്കണമെന്നു മാത്രമായി പിന്നെ വിചാരം. അങ്ങിനെ അമ്മയോടും അനിയത്തിയോടും ഞാൻ ഖുർആനെ കുറിച്ചും ഇസ്‌ലാമിനെ കുറിച്ചും പറഞ്ഞുതുടങ്ങി. പ്രതിഷേധമല്ലാതെ അമ്മയിൽ നിന്നും ഒന്നും ഉണ്ടായില്ല. എങ്കിലും ഞാൻ നിർത്താൻ തീരുമാനിച്ചില്ല, കാരണം സ്നേഹനിധിയായ എന്റെ അമ്മ നരകവാസിയാകുന്നത് ഓർക്കാൻ പോലും ഞാനശക്തയാണ്. എത്ര തന്നെ അമ്മ എന്നെ വഴക്ക് പറഞ്ഞാലും, അടിച്ചാലും ഒന്നും എനിക്ക് പ്രശ്നമില്ല. അതിനാൽ പല രീതിയിൽ അമ്മയേയും അനിയത്തിയേയും പിന്നീട് അച്ഛനേയും പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു. അച്ഛനും അമ്മയും കളിയാക്കുകയും വഴക്കു പറയുകയും ചെയ്യുന്നതല്ലാതെ, എന്റെ വാക്കുകൾ കേൾക്കാൻ പോലും തയ്യാറായില്ല.

ഇസ്‌ലാമിലെ പല വിഷയങ്ങളും ഞാൻ കൂട്ടുകാരിൽ നിന്നും പുസ്തകങ്ങളിൽ നിന്നും ഇന്റർനെറ്റിൽ നിന്നും മനസ്സിലാക്കി. നമസ്കാരവും കർമശാസ്ത്രസംബന്ധമായ കാര്യങ്ങളിലുമൊക്കെ ഒരുവിധം അറിവു നേടി. മുസ്‌ലിംസമൂഹത്തിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളെ കുറിച്ചും വിഭാഗീയതയെ കുറിച്ചും ചിലതൊക്കെ മനസ്സിലാക്കി. അല്ലാഹുവിന്റെ ഗ്രന്ഥമായ ഖുർആനിലും പ്രവാചകന്റെ ചര്യയിലും മാത്രമേ ഒരു യഥാർഥ മുസ്‌ലിം വിശ്വസിക്കേണ്ടതുള്ളുവെന്നും ജനങ്ങളുടെ അഭിപ്രായത്തിനു ഇസ്‌ലാമിൽ ഒരു പ്രസക്തിയുമില്ലെന്നും അറിഞ്ഞതോടെ ഇസ്‌ലാമിന്റെ ആധികാരികതയും വിശ്വാസദാർഢ്യവും എനിക്ക് കൂടുതൽ ബോധ്യപ്പെട്ടു. അതെന്നെ ഇസ്‌ലാമുമായി കൂടുതൽ അടുപ്പിക്കാൻ സഹായിച്ചു. എങ്കിലും മുസ്‌ലിംകളിലെ ഈ വിഭാഗീയത പലപ്പോഴും എന്നെ അമ്പരപ്പിക്കുകയും സങ്കടപ്പെടുത്തുകയും ചെയ്തു. കർമശാസ്ത്രപരമായ കാര്യങ്ങൾ തെളിവുസഹിതം വ്യക്തമായിട്ട് പോലും, അത് പിന്തുടരാതെ പണ്ടേ ചെയ്തുകൊണ്ടിരുന്നതെന്നും പറഞ്ഞു തുടർന്നുപോരുന്ന ഒട്ടേറെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്വാനുഭവത്തിലൂടെ തന്നെ ഞാൻ മനസ്സിലാക്കി. നബിചര്യക്കനുസരിച്ചു തങ്ങളുടെ ആചാരം പുതുക്കാൻ അവരുടെ മിഥ്യാഭിമാനം സമ്മതിക്കാത്തതാണ്, അല്ലാതെ സത്യം മനസ്സിലാക്കാത്തതല്ല എന്നും എനിക്ക് വ്യക്തമായി. നബിﷺ മദ്യം ഉപേക്ഷിക്കാൻ പറഞ്ഞപ്പോൾ കുടിച്ച മദ്യം ഛർദ്ദിച്ചു കളഞ്ഞ സ്വഹാബികളുടെ ചരിത്രം എന്തേ ഇത്തരക്കാർ ഓർക്കുന്നില്ല?

ഇന്ന് മാധ്യമങ്ങളിലെല്ലാം നിറഞ്ഞ് നിൽക്കുന്ന 'പ്രണയ മതംമാറ്റവു'മായി ബന്ധപ്പെട്ട് ചോദ്യംചെയ്യുന്ന കൂട്ടത്തിൽ ഞാനും അന്വേഷണവിധേയയായി. എന്റെ വീട്ടിലാണ് അന്വേഷണത്തിനായി ആദ്യം ചെന്നത്. പക്ഷേ വീട്ടുകാർക്ക് എന്നെ കുറിച്ച് യാതൊരു പരാതിയുമില്ല എന്നു പറഞ്ഞിട്ടും പോലീസുകാർ തുടരെ തുടരെ വീട്ടിലെത്തി വീട്ടിലുള്ളവരെയും ഓഫീസിൽ ചെന്നു അച്ഛനേയും നിരന്തരം ശല്യപ്പെടുത്തിയതായി ഞാൻ അറിഞ്ഞു. എന്റെ ഭർതൃവീട്ടിലുമെത്തി പോലീസുകാർ. എന്നാൽ അന്വേഷണ ഉദ്യോഗസ്ഥൻമാ

**പനപോലെ വളരുന്ന പാപികളായ പണക്കാരെയും അവരുടെ സൗകര്യങ്ങളും ആഢംബരങ്ങളും തോന്ന്യാസങ്ങളുമൊക്കെ കാണുമ്പോൾ ദൈവമില്ല എന്ന് ചിന്തിക്കാനത് പ്രേരിപ്പിച്ചു. അതിനു ScienceഉംEvolutionമെല്ലാം തുണച്ചു.**

രാരും തന്നെ ഇതുമായി ബന്ധപ്പെട്ട് എന്നെയോ ഭർത്താവിനെയോ സമീപിച്ചിരുന്നില്ല. മറിച്ച് ഭർത്താവിന്റെ ഓഫീസിൽ ചെന്നു പോലീസുകാർ വളരെ മോശമായ രീതിയിൽ അന്വേഷണ പ്രഹസനം നടത്തുകയും ഭർത്താവിന്റെ കരിയറിനെ ഗുരുതരമായി ബാധിക്കത്തക്കവിധം അഭിപ്രായ പ്രകടനം നടത്തുകയും ചെയ്തു. ആരുടെ ഭാഗത്തു നിന്നും ഒരു പരാതിയും ഇല്ലാതെയാണ് ഒരു പൗരന്റെ വ്യക്തിജീവിതത്തിൽ നിയമപാലകർ ഇങ്ങിനെ അഹിതമായി ഇടപ്പെട്ടത്. അന്വേഷണം പോലീസിന്റെ ഡ്യൂട്ടിയാണ്. പക്ഷേ ഒരു കുറ്റവാളിയെ ഇവിടെ നിങ്ങൾ ജോലിക്കു നിർത്തിയിരിക്കുന്നു എന്നൊക്കെയുള്ള രീതിയിൽ ഭർത്താവിന്റെ അഭാവത്തിൽ അവർ കമ്പനി എം ഡിയോട് പറഞ്ഞതിന് എന്ത് ന്യായീകരണമാണുള്ളത്! രണ്ടാമത്തെ തവണയും അവർ ഭർത്താവിന്റെ വീട്ടിലെത്തി വിവരങ്ങൾ ശേഖരിച്ചു. അപ്പോൾ ഭർത്താവിന്റെ ഉമ്മ എന്നെ ഫോണിൽ കണക്ട് ചെയ്തു കൊടുത്തു. അന്നാണ് ആദ്യമായി ഞാൻ ഒരു അന്വേഷണ ഉദ്യോഗസ്ഥനുമായി ഇക്കാര്യത്തെകുറിച്ച് സംസാരിക്കുന്നത്. ഇസ്‌ലാം സ്വീകരിച്ചത് സ്വമേധയാ ആണെന്നും വിശദമായ പഠനത്തിനു ശേഷമാണ് ഞാൻ വിവാഹം കഴിച്ചതെന്നൊക്കെയുള്ള കാര്യം ഞാനവരെ അറിയിച്ചു. വിവാഹാന്വേഷണത്തിന്റെ ഭാഗമായാണ് ഞാൻ അദ്ദേഹത്തെ ആദ്യമായി കണ്ടത് എന്നും ഞാനവരെ അറിയിച്ചിരുന്നു. പക്ഷേ വാർത്തകളിൽ നിന്നും മറ്റും മനസ്സിലാക്കിയപോലെ പോലീസിൽ പലപ്പോഴും നടക്കാറുണ്ടെന്ന് പറയുന്ന 'റിപ്പോർട്ടിലെ മറിമായങ്ങൾ' എന്റെ കാര്യത്തിലും ഉണ്ടായി. പോലീസ് എന്നെപ്പറ്റി റിപ്പോർട്ട് ചെയ്തത് 'ലൗ മാര്യേജ്' എന്നായിരുന്നു. വാസ്തവത്തിന്റെ കണികപോലും ഇതിലില്ല. ഒരു പോലീസ് ഓഫീസർ വഴിയാണ് ഈ അസംബന്ധ റിപ്പോർട്ടിനെ കുറിച്ച് ഞാനറിഞ്ഞത്. പോലീസിന്റെ ഇത്തരം കുതന്ത്ര നീക്കത്തിനെതിരെയും എന്നെയും ഭർത്താവിനെയും കുടുംബത്തെയുമെല്ലാം അനാവശ്യമായി ബുദ്ധിമുട്ടിക്കുന്നതിനെ കുറിച്ചും ഞാൻ ഡി.ജി.പിക്കു പരാതി നൽകുകയുമുണ്ടായി.

വിവാഹത്തിനു മുമ്പുള്ള പ്രണയബന്ധം തെറ്റാണെന്നു പറയുന്ന ഒരു മതവുമായി എങ്ങിനെയാണ് 'പ്രണയ മതംമാറ്റം' എന്ന സംജ്ഞ കൂട്ടിക്കുഴച്ചത് എന്നത് എനിക്ക് എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല. എന്തടിസ്ഥാനമാണ് ഇതിനവർക്കുള്ളത്. എന്തുമാത്രം അസംബന്ധമാണ് ആ പ്രയോഗം തന്നെ. ജിഹാദ് എന്നാൽ പരിശ്രമം, ത്യാഗം, പ്രയാസങ്ങൾ സഹിച്ച് മുന്നോട്ട്പോവുക എന്നൊക്കെയാണ് അർഥം. യുദ്ധം അവലംബിക്കാൻ പറഞ്ഞത് പോലും മതകർമങ്ങൾ ചെയ്യാൻ അനുവദിക്കാതെ ഇങ്ങോട്ട് അക്രമത്തിന് വരുന്നവരോട് പ്രതിരോധം എന്ന നിലക്കാണ്. മതത്തിൽ നിർബന്ധമില്ല എന്നത് ഖുർആനിന്റെ അടിസ്ഥാനതത്വങ്ങളിലൊന്നാണ്. എന്നിട്ടും നിർബന്ധിച്ച് മതം മാറ്റുന്നു എന്ന് മുസ്‌ലിംകൾക്ക് നേരെയുള്ള ആരോപണം എന്ത്മാത്രം ആക്ഷേപാർഹമാണ്. മേൽക്കോടതിയുടെ വിധി വന്നിട്ടും ഒരു സമുദായത്തെ മാത്രം ലക്ഷ്യമിട്ടുള്ള ഇത്തരം കുതന്ത്രങ്ങളിലെ ഒളിയമ്പ് വ്യക്തമായിട്ടും എന്റെ ഭർത്താവിന്റെ കാര്യത്തിലോ സമാനമനസ്കരായ മറ്റുള്ളവരുടെ കാര്യത്തിലോ യാതൊരു ഗുണപരമായ നീക്കവും ഉത്തരവാദപ്പെട്ടവരുടെ ഭാഗത്ത് നിന്നുണ്ടായില്ല എന്നതാണ് ഖേദകരം.

ഇസ്‌ലാം തീവ്രവാദത്തിന്റെയും അക്രമത്തിന്റെയും മതമാണെന്ന് പറയുന്നവരോട്, ഇസ്‌ലാം എന്ന പദത്തിന്റെ അർഥം തന്നെ സമാധാനം എന്നാണ് എന്ന സത്യം എങ്ങിനെയാണ് മനസ്സിലാക്കി കൊടുക്കേണ്ടത് എന്നെനിക്കറിയില്ല. മനുഷ്യനെയും ഭൂമുഖത്തുള്ള സർവചരാചരങ്ങളെയും സൃഷ്ടിച്ച ദൈവം ഏകനാണ് എന്നും, ആ ഏകനായ ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്നും പറയുന്ന ഇസ്‌ലാം തീവ്രവാദത്തിന്റെയല്ല പകരം സഹോദര്യത്തിന്റെ മതമാണ് എന്ന് എങ്ങിനെയാണ് ഇനി ഇക്കൂട്ടരെ ബോധ്യപ്പെടുത്തുക. ഉറങ്ങുന്നവരെ ഉണർത്താനാവും ഉറക്കം നടിക്കുന്നവരെയോ?

## (അടിമത്തം... പേജ് 43ൽ നിന്ന് തുടർച്ച)

താണ്. അപ്പോൾ അതിന്റെ (അത് ലംഘിക്കുന്നതിന്റെ) പ്രായശ്ചിത്തം നിങ്ങൾ നിങ്ങളുടെ വീട്ടുകാർക്ക് നൽകാറുള്ള മധ്യനിലയിലുള്ള ഭക്ഷണത്തിൽ നിന്ന് പത്തു സാധുക്കൾക്ക് ഭക്ഷിക്കാൻ കൊടുക്കുകയോ, അല്ലെങ്കിൽ അവർക്ക് വസ്ത്രം നൽകുകയോ, അല്ലെങ്കിൽ ഒരു അടിമയെ മോചിപ്പിക്കുകയോ ആകുന്നു..."(5:89)

കൊല: അബദ്ധത്തിലുള്ള കൊലക്ക് പ്രായശ്ചിത്തമായി ഖുർആൻ അടിമമോചനം നിയമമാക്കുന്നതിങ്ങനെ: "യാതൊരു വിശ്വാസിക്കും മറ്റൊരു വിശ്വാസിയെ കൊല്ലാൻ പാടുള്ളതല്ല; അബദ്ധത്തിൽ വന്നുപോകുന്നതല്ലാതെ. എന്നാൽ വല്ലവനും ഒരു വിശ്വാസിയെ അബദ്ധത്തിൽ കൊന്നുപോയാൽ (പ്രായശ്ചിത്തമായി) ഒരു വിശ്വാസിയായ അടിമയെ മോചിപ്പിക്കുകയും, അവന്റെ (കൊല്ലപ്പെട്ടവന്റെ) അവകാശികൾക്ക് നഷ്ടപരിഹാരം നൽകുകയുമാണ് വേണ്ടത്. അവർ(ആ അവകാശികൾ) അത് ഉദാരമായി വിട്ടുതന്നെങ്കിലൊഴികെ. ഇനി അവൻ (കൊല്ലപ്പെട്ടവൻ) നിങ്ങളോട് ശത്രുതയുള്ള ജനവിഭാഗത്തിൽ പെട്ടവനാണ്; അവനാണെങ്കിൽ സത്യവിശ്വാസിയുമാണ് എങ്കിൽ സത്യവിശ്വാസിയായ ഒരു അടിമയെ മോചിപ്പിക്കുക മാത്രമാണ് വേണ്ടത്. ഇനി അവൻ(കൊല്ലപ്പെട്ടവൻ) നിങ്ങളുമായി സഖ്യത്തിലിരിക്കുന്ന ഒരു ജനവിഭാഗത്തിൽ പെട്ടവനാണെങ്കിൽ അവന്റെ അവകാശികൾക്ക് നഷ്ടപരിഹാരം നൽകുകയും വിശ്വാസിയായ ഒരു അടിമയെ മോചിപ്പിക്കുകയും ചെയ്യേണ്ടതാണ്"(4:92)

സ്വതന്ത്രമനുഷ്യർ അത്തരം മനുഷ്യരാൽ അടിമകളാക്കപ്പെടുകയും ക്രയവിക്രയം ചെയ്യപ്പെടുകയും സാമ്പത്തികചൂഷണത്തിനായി കഠിനാധ്വാനം ചെയ്യേണ്ടി വരികയും പീഡനങ്ങൾക്ക് വിധേയരാകേണ്ടി വരികയും ചെയ്തിരുന്ന ഒരു സാമൂഹികവ്യവസ്ഥിതിയിൽ അവരെ ഒറ്റയടിക്ക് തുറന്നുവിട്ട് അവർക്കും സമൂഹത്തിനും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന് പകരം അവരെ ഘട്ടം ഘട്ടമായി മോചിപ്പിക്കുകയും അങ്ങനെ അടിമത്തം കുറച്ചുകൊണ്ടുവരികയും ചെയ്യുകയെന്നതാണ് ഖുർആനിന്റെ നടപടിക്രമം. ഇത്രമാത്രം സൂക്ഷ്മതയോടും വൈദഗ്ധ്യത്തോടും കൂടിയുള്ള ഈ നിയമക്രോഡീകരണം ഒരു നിരക്ഷരന്റെയെന്നല്ല ഒരു സാമൂഹ്യശാസ്ത്രനിപുണന്റെ പോലും വരുതിയിൽ പെടുന്നതല്ലെന്നും ഇതിന്റെ സ്രോതസ്സ് സർവജ്ഞനായ അല്ലാഹു തന്നെയാണെന്നും സുതരാം വ്യക്തമാണ്.